Draft #12 of File 134119/DSS 2/2024/DSS Approved by DIRECTOR on 11-Feb-2025 10:26 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാ ഗാന്ധി സർവ്വകലാശാല - ഡിപ്പാർട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് - മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. യു. ആർ. അനന്തമൂർത്തിയുടെ ജന്മദിനം ഡി.എസ്.എസ്. ദിനമായി ആചരിക്കുന്നത് - മികച്ച മാഗസിൻ തയ്യാറാക്കുന്ന കലാലയത്തിന് ക്യാഷ് അവാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട് സാമ്പത്തിക കാര്യങ്ങൾ പരിശോധിച്ച റിപ്പോർട്ട് - വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.-

---

Department of Students Services

നമ്പർ. 1397/DSS/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.02.2025

---

*പരാമർശം:*-1. 22.11.2024 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 10581/DSS/2024/എം.ജി.യു.

2. 04.02.2025-ന കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - ഫിനാൻസ് യോഗത്തിന്റെ (24.07) എക്സ്ട്രാക്റ്റ് ഇനം നമ്പർ 134119/DSS 2/2024/DSS.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, ജ്ഞാനപീഠ ജേതാവും മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുമായിരുന്ന പ്രൊഫ. യു.ആർ. അനന്തമൂർത്തിയുടെ ജന്മദിനമായ ഡിസംബർ 21, സർവകലാശാലയിലും ഓട്ടോണോമസ് ഉൾപ്പെടെയുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും 2024 വർഷം മുതൽ എല്ലാ വർഷവും DSS ദിനമായി ആചരിക്കുന്നതിനും, സർവ്വകലാശാല ക്യാമ്പസ് ഉൾപ്പെടെയുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലുമുള്ള മാഗസീനുകളിൽ മികച്ചതായി തെരഞ്ഞെടുക്കുന്ന മാഗസിൻ, തയ്യാറാക്കിയ കലാലയത്തിന് പ്രൊഫ. യു.ആർ. അന്തമൂർത്തി എവർറോളിങ് ട്രോഫിയും പ്രശസ്തി പത്രവും നൽകുന്നതിന് ഡി.എസ്.എസ്.-നെ ചുമതപ്പെടുത്തുന്നതിന് തീരുമാനിച്ചു. കൂടാതെ, മികച്ച മാഗസിൻ തയ്യാറാക്കുന്ന കലാലയത്തിന് ക്യാഷ് അവാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങൾ പരിശോധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ റ്റി.വി., ശ്രീ. അമൽ എബ്രഹാം, ഡി.എസ്.എസ്.ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ ടി കമ്മിറ്റി തയാറാക്കിയ ചുവടെ പറയുന്ന ശിപാർശകൾ അടങ്ങുന്ന റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണക്കായി സമർപ്പിച്ചിരുന്നു.

- ജ്ഞാനപീഠം ജേതാവും മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസിലറുമായിരുന്ന പ്രൊഫ. യു ആർ അനന്തമൂർത്തിയുടെ ജന്മദിനമായ ഡിസംബർ 21, 2024 വർഷം മുതൽ സർവകലാശാലയിലും ഓട്ടോണോമിസ് ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് കോളേജുകളിലും

ഡി.എസ്.എസ്. ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി സർവകലാശാല ക്യാമ്പ് ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിൽ നിന്നും തെരഞ്ഞെടുക്കുന്ന കോളേജ് മാഗസിനുകളിൽ നിന്നും ഒന്നാം സമ്മാനം ലഭിക്കുന്ന മാഗസിൻ തയ്യാറാക്കിയ കലാലയത്തിന് പ്രൊഫ. യു.ആർ അനന്തമൂർത്തി എവറോളിംഗ് ട്രോഫിയും Rs. 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും പ്രശസ്തിപത്രവും, രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്ന കലാലയത്തിന് യഥാക്രമം Rs. 15000/- (പതിനയ്യായിരം രൂപ മാത്രം) രൂപയും Rs. 10,000/- (പതിനായിരം രൂപ മാത്രം) രൂപയും പ്രശസ്തി പത്രവും നൽകുന്നതിനും.

- കൂടാതെ എല്ലാവർഷവും ഡിസംബർ 21-ന് സർവകലാശാല ക്യാമ്പസിലെ വിദ്യാർത്ഥികൾക്ക് ഒരു ഓറിയന്റേഷൻ പ്രോഗ്രാം / ശില്പശാല / സെമിനാർ സംഘടിപ്പിക്കുന്നതിനും.
- മുകളിൽ സൂചിപ്പിച്ചിരുന്ന ആവശ്യങ്ങൾക്കായി വരുന്ന ചെലവ് താഴെപ്പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻസ് സർവീസസ് കൈകാര്യം ചെയ്യുന്ന സ്റ്റുഡൻറ് വെൽഫെയർ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും ശുപാർശ ചെയ്യുന്നു.

| ക്രമ. നമ്പർ | ഇനം | തുക |
|---|---|---|
| 1 | ജഡ്ജസ്സ് പാനലിനുള്ള വേതനം | 30,000 (3x10,000) |
| 2 | എവർഎവർ<br>റോളിങ്ങ്റോളിങ്ങ്<br>ട്രോഫി | 15,000 |
| 3 | ക്യാഷ് അവാർഡ് | 45,000<br>First Prize - 20,000<br>Second Prize - 15,000<br>Third Prize - 10,000 |
| 4 | ശില്പശാല നാടക പരിശീലനം | 20,000 |
| 5 | ആകെ | 1,10,000 |

04.02.2025-ന കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - ഫിനാൻസ് യോഗം സൂചന (2) പ്രകാരം ചുവടെ പറയുന്ന തീരുമാനം കൈകൊണ്ടു.

"പ്രൊഫ. യു ആർ അനന്തമൂർത്തിയുടെ ജന്മദിനമായ ഡിസംബർ 21 സർവ്വകലാശാലയിൽ



Draft #12 of File 134119/DSS 2/2024/DSS Approved by DIRECTOR on 11-Feb-2025 10:26 PM - Page 2

ഡി.എസ്.എസ്. ദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി മികച്ച മാഗസിൻ തയ്യാറാക്കുന്ന കലാലയത്തിന് ക്യാഷ് അവാർഡ് നൽകുന്നതിനായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ സമതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ശുപാർശ ചെയ്യുന്നു".

മേൽ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലരുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**[ഫയൽ നമ്പർ: 134119/DSS 2/2024/DSS]**

എബ്രഹാം കെ സാമുവൽ

ഡയറക്ടർ
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി.എസ്.
3. രജിസ്ട്രാർ / എഫ്.ഒ. എന്നിവരുടെ പി.എ.
4. ഓഡിറ്റ് IV / ഓഡിറ്റ് V
5. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി സർവ്വകലാശാല
6. ACC 1/ആക്ഷൻ ടേക്കൺ റിപ്പോർട്ട് സീറ്റ്
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #12 of File 134119/DSS 2/2024/DSS Approved by DIRECTOR on 11-Feb-2025 10:26 PM - Page 3